**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 7900**

**23.07.2012 - ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെടുന്ന പോലീസുകാർക്ക് തിരുവനന്തപുരത്ത് ജോയിൻ ചെയ്യുന്നതിന് നിശ്ചിത സമയപരിധിയില്ല എന്നുള്ളത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയ പരിധി നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ ഇല്ല. |
| (ബി) 30.06.2012 വരെ തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട പോലീസുകാരിൽ 19 പേർ, ജോയിൻ ചെയ്യുന്നതിന് നിശ്ചിത സമയപരിധിയില്ലാത്തതിനാൽ ഇതുവരേയും തിരുവനന്തപുരം സിറ്റി എ.ആറിൽ ജോയിൻ ചെയ്തിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട പോലീസുകാരിൽ നാളിതുവരെ 14 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ല. |
| (സി) പ്രസ്തുത അപാകത തിരുവനന്തപുരം സിറ്റി എ.ആറിൽ ജോയിൻ ചെയ്യാൻ തയ്യാറായിട്ടുള്ള അന്തർജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാരുടെ സ്വന്തം ജില്ലയിലെ സർവീസ്, പ്രൊമോഷൻ സാദ്ധ്യതകൾ തുടങ്ങിയവയെ ബാധിക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജോലിയിൽ പ്രവേശിക്കാത്തവരുടെ വിസമ്മത പത്രം ലഭിച്ചാൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുള്ളവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ഈ അപാകത പരിഹരിക്കുന്നതിനായി, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെടുന്നവർക്ക് ജോയിൻ ചെയ്യുന്നതിനുള്ള സമയപരിധി നിശ്ചയിക്കുമോ; ഇതുവരെ ജോയിൻ ചെയ്യാത്ത 19 പോലീസുകാരോട് ജോയിൻ ചെയ്യുന്നുണ്ടോ എന്ന് ആരായുകയും ഇല്ല എന്ന് അറിയിക്കുന്നവർക്ക് പകരം ലിസ്റ്റിലുള്ള അടുത്ത ഉദ്യോഗസ്ഥർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്യുമോ ? | (ഡി) അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെടുന്നവർക്ക് വിടുതൽ വാങ്ങി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് സർക്കാർ ഉത്തരവ് ഉണ്ടാകേണ്ടതായിട്ടുണ്ട്. നിലവിൽ ജോലിയിൽ പ്രവേശിക്കാത്തവരുടെ വിസമ്മത പത്രം ആവശ്യപ്പെട്ട് അത് ലഭിക്കുന്നമുറയ്ക്ക് ലിസ്റ്റിലുള്ള അടുത്ത ഉദ്യോഗസ്ഥർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ